നമ്പർ: പി.റ്റി(1) 33484/2008

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 23/5/2009

## സർക്കുലർ നമ്പർ 26/2009

വിഷയം:- സഹകരണ വകുപ്പ് - തലപ്പള്ളി സർക്കിൾ സഹകരണ യൂണിയന് സ്വന്തമായിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1) തലപ്പള്ളി സർക്കിൾ സഹകരണ യൂണിയന്റെ 11.07.08 ലെ 5-ാം നമ്പർ തീരുമാനം.
2) അസിസ്റ്റന്റ് രജിസ്ട്രാർ/സെക്രട്ടറി തലപ്പള്ളി സർക്കിൾ സഹകരണ യൂണിയന്റെ 14.07.08 ലെ അപേക്ഷ.
3) 1969 ലെ കേരളാ സഹകരണ സംഘം ചട്ടം 140.

തലപ്പള്ളി സർക്കിൾ സഹകരണ യൂണിയന് സ്വന്തമായിട്ടുള്ള 5 സെന്റ് ഭൂമിയിൽ തലപ്പള്ളി താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) ഓഫീസുകളും കോൺഫറൻസ് ഹാളും ഉൾപ്പെടുത്തി സർക്കിൾ സഹകരണ യൂണിയന് കെട്ടിടം നിർമ്മിക്കുന്നതിനു തീരുമാനിക്കുകയും ടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി വേണ്ടി വരുന്ന തുക സഹകരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി സ്വീകരിക്കുന്നതിന് അനുവാദം നല്കണമെന്നും തലപ്പള്ളിസർക്കിൾ സഹകരണ യൂണിയൻ സൂചന (1) തീരുമാനപ്രകാരം സഹകരണ സംഘം രജിസ്ട്രാറോട് അപേക്ഷിച്ചിരിക്കുകയാണ്.

മേൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ തലപ്പള്ളി സർക്കിൾ സഹകരണ യൂണിയൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ആവശ്യത്തിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന തലപ്പള്ളി താലൂക്കിലെ സഹകരണ സംഘങ്ങളിൽ നിന്നും നിലവിലുള്ള ചട്ടങ്ങൾക്കും അതാത് സംഘങ്ങളുടെ ബൈലാകളും വ്യവസ്ഥകൾക്കും വിധേയമായി സംഭാവന സ്വീകരിക്കുവാൻ തലപ്പള്ളി സർക്കിൾ സഹകരണ യൂണിയന് ഇതിനാൽ അനുവാദം നൽകുന്നു. ടി വിവരം തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) തലപ്പള്ളി താലൂക്കിലെ സഹകരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

റാണിജോർജ്ജ് ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്: എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും
(സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ മുഖേന)
- സ്റ്റോക്ക് ഫയൽ
സ്പെയർ

** ആജ്ഞാനുസരണം**

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി/പി.റ്റി)